ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെടുക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റിനേയും മറ്റ് ജനപ്രതിനിധികളേയും കർഷകസംഘടനാ പ്രതിനിധികളേയും കർഷകത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

കശുമാവ് കൃഷി വ്യാപിപ്പിക്കുവാൻ നടപടി

3 (*209) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷി നടത്തിവരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് പുതുതായി കശുമാവ് കൃഷി എത്ര ഹെക്ടറിലേയ്ക്കു കൂടി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) കശുമാവ് കൃഷിക്കാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കശുമാവ് കൃഷിയിലേയ്ക്ക് കൂടുതൽ കൃഷിക്കാരെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വിശദീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് കശുമാവ് വികസന കൗൺസിലിന്റെ രൂപീകരണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) കശുമാവുകൾ പൂത്തുകഴിഞ്ഞാൽ പൂർണ്ണമായും നശിപ്പിക്കുന്ന രീതിയിലുള്ള കീടബാധ വ്യാപകമായി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കശുമാവ് കായ്കളെ കീടങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) 1998-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 85123 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്തുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി 270 ഹെക്ടറിലും സംസ്ഥാന പദ്ധതിയുടെ ഭാഗമായി 2405 ഹെക്ടറിലും കശുമാവ് കൃഷി പുതിയതായി വ്യാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഗുണമേന്മയും അത്യുല്പാദനശേഷിയുള്ളതുമായ കശുമാവ് തൈകൾ സൗജന്യ നിരക്കിൽ നൽകുന്നതിന് പുറമേ കീടനാശിനികൾ രാസ-ജൈവ വളങ്ങൾ, സ്പ്രേയറുകൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. ആധുനിക കൃഷി രീതിയെ സംബന്ധിച്ചും സസ്യപരിപാലനത്തെ സംബന്ധിച്ചും കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോജനി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നു. പുതിയ കശുമാവ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് താഴെപ്പറയുംപ്രകാരം ഓരോ ഹെക്ടറിനും ധനസഹായം നൽകുന്നു.

ഒന്നാം വർഷ സഹായം	2100 രൂപ
രണ്ടാം വർഷ പരിചരണം	1500 രൂപ
മൂന്നാം വർഷ പരിചരണം	1700 രൂപ

പട്ടികവർഗ്ഗക്കാരായ കർഷകർക്ക് ഇത് യഥാക്രമം 2800 രൂപ, 2200 രൂപ, 2400 രൂപയാണ്.

പഴയ തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി താഴെപ്പറയുന്നവിധം ഓരോ ഹെക്ടറിനും ധനസഹായം നൽകുന്നു.

ഒന്നാം വർഷം	2800 രൂപ
രണ്ടാം വർഷം	2200 രൂപ
മൂന്നാം വർഷം	2400 രൂപ

(ഇ) 25-2-1999-ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒരു കശുമാവ് വികസന കൗൺസിൽ നിലവിൽ വന്നിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ കശുമാവ് വികസനത്തിനായുള്ള നടപടികൾ ഏകോപിപ്പിക്കുകയും വികസനോന്മുഖമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക എന്നതാണ് കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യം.

(ജി) ഉണ്ട്. കശുമാവിന്റെ പൂങ്കുല കരിച്ചിലിന് കാരണമാകുന്ന കീടാക്രമണം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് തളിരിടൽ, പൂവിടൽ, പച്ചണ്ടിയുണ്ടാകൽ എന്നീ മൂന്ന് ഘട്ടങ്ങളിൽ മരുന്ന് തളിക്കുന്നതിന് ധനസഹായം അനുവദിച്ച് നടപ്പാക്കുന്നു. ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ 10.40 ലക്ഷം രൂപയും സംസ്ഥാന പദ്ധതിയിനത്തിൽ 132.20 ലക്ഷം രൂപയും സ്പ്രേയറുകൾ വാങ്ങുന്നതിന് 5.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. നൗഷാദ് : ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണല്ലോ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നത്. കേരളത്തിലെ പല തോട്ടങ്ങളിലും വളരെക്കാലങ്ങൾക്ക് മുമ്പ് നട്ട കശുമാവാണുള്ളത്. ഇതുമൂലം ഉല്പാദനക്ഷമത വളരെയധികം കുറയുകയാണ്. അത് പരിഹരിക്കുന്നതിനായി അത്യുല്പാദന ശേഷിയും ഗുണമേന്മയുമുള്ള കശുമാവ് തൈകൾ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കേരളത്തിന്റെ വടക്കൻ ജില്ലകളിലുള്ള കശുമാവ് തോട്ടങ്ങളിലുള്ളത് പഴയ കശുമാവുകളാണ്. അതിന് ഉല്പാദനക്ഷമത കുറവാണ്. അത് വെട്ടിമാറ്റി ഉല്പാദനക്ഷമതയുള്ള പുതിയയിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കൃഷിക്കാർക്ക് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും പരിശീലനവുമൊക്കെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. മാടക്കത്തറ-1, മാടക്കത്തറ-2 എന്നീ അത്യുല്പദാന ശേഷിയുള്ള കശുമാവ് തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ടി. കെ. നൗഷാദ് : കശുമാവ് കൃഷിയുടെ വികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രകോടി രൂപയുടേതാണ്. ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എന്താണ് ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ സംസ്ഥാനത്തെ കശുമാവ് കൃഷിയുടെ വികസനത്തിനും സംരക്ഷണത്തിനുമായി 195 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ആ പ്രോജക്ട് സമർപ്പിച്ചതിനുശേഷം ഒരു പ്രാവശ്യം കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധികളുമായി സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികൾ ചർച്ചചെയ്തിട്ടുണ്ട്. വീണ്ടും ചർച്ച ചെയ്യേണ്ടതായിട്ടുണ്ടെന്നാണ് അവർ അറിയിച്ചിട്ടുള്ളത്. അവർ സഹായിക്കുമെന്ന പ്രതീക്ഷയാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : കശുമാവ് കൃഷി പലപ്പോഴും രോഗം ബാധിച്ചും കാലാവസ്ഥാവ്യതിയാനം മൂലവും നശിച്ചു പോകാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ കശുമാവ് കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി ഇൻഷ്വറൻസ് പോലുള്ള ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കശുമാവ് കൃഷിക്ക് തേയിലക്കൊതുകിന്റെ ശല്യമാണ് പ്രധാനമായിട്ടുള്ളത്. കശുമാവ് പൂവിടുന്ന സമയത്താണ് തേയിലക്കൊതുകിന്റെ ശല്യം ഉണ്ടാകുന്നത്. അതുകൊണ്ടാണ് പൂങ്കുല കരിഞ്ഞുപോകാൻ ഇടവരുന്നത്. അതിനൊരു മുൻകരുതൽ എന്നുള്ള നിലയ്ക്ക് ആവശ്യമായ മരുന്ന് തളിക്കുകയാണ്. അതിന് ഗവൺമെന്റ് 50 ശതമാനം സബ്സിഡി നൽകുന്നുണ്ട്. വടക്കൻ ജില്ലകളിൽ വ്യാപകമായി ഈ മരുന്ന് തളിച്ചിട്ടുണ്ട്. പിന്നീട് വരുന്ന നഷ്ടപരിഹാരങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ഇതുവരെ ആലോചിച്ചിട്ടില്ല. ഏതെല്ലാം രീതിയിലാണ് അവരെ സഹായിക്കാൻ കഴിയുക എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : ഉല്പാദനം വർദ്ധിപ്പിക്കുകയാണ് നമ്മുടെ ലക്ഷ്യമെന്ന് പറഞ്ഞു. എല്ലാ ജില്ലകളിലും സർക്കാർ ഭൂമികളിലും വന ഭൂമികളുമുണ്ട്. എല്ലാ ജില്ലകളിലും കൃഷി ഫാമുകളുമുണ്ട്. എന്നാൽ കൃഷി ഫാമുകളോട് അനുബന്ധിച്ച് ആ ഭൂമികളിൽകൂടി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർക്കാർ വക കൃഷിഫാമുകളിൽ മുഴുവൻ സ്ഥലത്തും കശുമാവ് വയ്ക്കാൻ കഴിയുകയില്ല. കൃഷിഫാമുകളിൽ വിത്തുൽപ്പാദനവും അതുപോലെതന്നെ നല്ല നടീൽവസ്തുക്കൾ ഉൽപ്പാദിപ്പിക്കുക എന്നുള്ളതൊക്കെയാണ് പ്രധാന ലക്ഷ്യം. ആ ആവശ്യത്തിനു കഴിഞ്ഞുള്ള ബാക്കി സ്ഥലമുണ്ടെന്നുണ്ടെങ്കിൽ അവിടെ കശുമാവ് വയ്ക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അതുപോലെ ഗവൺമെന്റ് ഓഫീസ് കോമ്പൗണ്ടുകൾ തുറന്ന തരിശുപ്രദേശങ്ങൾ എന്നിവ ലഭ്യമാണെങ്കിൽ ആ സ്ഥലങ്ങൾ കശുമാവു കൃഷിക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട്, അത്തരം പ്രദേശങ്ങളിൽ കശുമാവ് കൃഷി നടത്താവുന്നതാണ്. അങ്ങനെ കശുമാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് ലക്ഷ്യമുണ്ട്.

ശ്രീമതി എൻ. കെ. രാധ : കേരളത്തിലെ വടക്കൻജില്ലകളിൽ കശുമാവ് പൂവിടുമ്പോൾ ആ പൂവിനെ ആക്രമിക്കുന്ന കീടങ്ങൾ പ്രത്യേകിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇപ്പോൾ പറഞ്ഞതുപോലെ തേയിലക്കൊതുക് പോലുള്ള കീടങ്ങൾ ശല്യം ചെയ്യുന്നുണ്ട്. ആ കീടങ്ങളെ പ്രതിരോധിക്കാൻവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ; അതിന്റെ ഭാഗമായി അത് പൂർണ്ണമായും നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; കശുമാവ് കൃഷിക്കാരെ തേയിലക്കൊതുകിന്റെ ശല്യത്തിൽനിന്നും രക്ഷിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കഴിഞ്ഞവർഷമാണ് വ്യാപകമായി കശുമാവ് പൂവിടുന്ന അവസരത്തിൽ തേയിലക്കൊതുകുകളുടെ ശല്യമുണ്ടായത്. അതിന്റെ ഫലമായി കശുമാവിലുണ്ടാകുന്ന പൂക്കുലകൾ കൊഴിഞ്ഞു പോവുകയാണ്. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ കരിഞ്ഞ പൂക്കുലത്തണ്ടുകൾ വെട്ടിമാറ്റി അവയുടെ സംരക്ഷണത്തിന് ആവശ്യമായിട്ടുള്ള. കീടനാശിനി തളിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കി. ഇതോടനുബന്ധിച്ച് കർഷകരുടെ യോഗങ്ങൾ വിപുലമായി നടന്നു. കാർഷിക സർവ്വകലാശാലയുടെ സഹായമുണ്ടായി. വ്യാപകമായ രീതിയിൽ മരുന്നു തളിക്കുകയുണ്ടായി. അതിനുവേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം ഗവൺമെന്റ് സബ്സിഡിയായി നല്കുന്നതിനും മുന്നോട്ടുവന്നു. വ്യപകമായ രീതിയിൽ, ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ മരുന്നുതളിയുടെ ഒന്നാംഘട്ടം പൂർത്തീകരിക്കാനായി ഗവൺമെന്റിന് കഴിഞ്ഞിട്ടുമുണ്ട്.

ശ്രീമതി എൻ. കെ. രാധ : സർ, കശുമാവ് കൃഷിക്കുവേണ്ടി അത്യുൽപ്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഓരോവർഷവും എത്ര ടൺ കശുവണ്ടിയുടെ ഉൽപ്പാദനമാണ് കൂടുതലായി നടത്താൻ ഗവൺമെന്റിന് സാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, നമ്മുടെ സംസ്ഥാനത്ത് 1997-1998, 1998-1999 വർഷങ്ങളിൽ 56,554 ടൺ കശുവണ്ടിയാണ് ഉൽപ്പാദിപ്പിക്കാൻ സാധിച്ചിട്ടുള്ളത്. മുൻവർഷങ്ങളിൽ അത്രയും ടൺ ആയിരുന്നു നമ്മുടെ സംസ്ഥാനത്തെ കശുവണ്ടിയുടെ ഉൽപ്പാദനം. ഇവിടെ കശുമാവുകൃഷിയുടെ വികസനത്തിനുള്ള സാദ്ധ്യത കുറയാനുള്ള പ്രധാനപ്പെട്ടകാരണം, നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വേസ്റ്റ് ലാന്റ് ആവശ്യത്തിനില്ല എന്നതാണ്. അതാണ് പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് എവിടെയെല്ലാം കശുമാവ് കൃഷിയ്ക്കനുയോജ്യമായ സ്ഥലങ്ങളുണ്ടോ അവിടെയൊക്കെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ വ്യവസായവകുപ്പും കൃഷി വകുപ്പും ചെയ്യുന്നുണ്ട്. വ്യവസായവകുപ്പും കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. എൻ. കണ്ണൻ : സർ, സംസ്ഥാനത്ത് കശുമാവ് കൃഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രോഗപ്രതിരോധശേഷിയുള്ള തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനും അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് എവിടെയങ്കിലും ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതേക്കുറിച്ച് വിശദീകരിക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാർഷികസർവ്വകലാശാല വളരെ വിജയകരമായി ഈ രംഗത്ത് ഗവേഷണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അവർ അത് നടത്തിയിട്ട് കണ്ടെത്തിയതാണ് അത്യുൽപ്പാദനശേഷിയുള്ള, രോഗപ്രതിരോധശേഷിയുള്ള മാടക്കത്തറ-ഒന്ന്, മാടക്കത്തറ-രണ്ട് എന്നീ കശുമാവ് ഇനങ്ങൾ. കൃഷിക്കാർക്ക് തന്നെ അതിന്റെ ഗ്രാഫ്റ്റ് ഉണ്ടാക്കുന്നതിന് ആവശ്യമായിട്ടുള്ള പരിശീലനങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും പല ജില്ലകളിലും കൃഷിവകുപ്പിന്റെയും കാർഷികസർവ്വകലാശാലയുടെയും സംയുക്താഭിമുഖ്യത്തിൽ നൽകിയിട്ടുണ്ട്.

ശ്രീ. എൻ. കണ്ണൻ : കൂടുതൽ ഉൽപ്പാദനശേഷിയുള്ള കശുമാവ് തൈകൾ ഗവൺമെന്റ് വിതരണം ചെയ്യുന്നുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കൃഷിഭവനുകളിൽക്കൂടി വിതരണം ചെയ്യുകയാണെങ്കിൽ കൂടുതൽ കൃഷിക്കാർക്ക് അത് നല്കാനും അതുപോലെതന്നെ കൂടുതൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കഴിയുമെന്നതുകൊണ്ട് അതിനുവേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് തൈകൾ കൃഷിഭവനുകളിൽക്കൂടിയാണ് വിതരണം ചെയ്തുവരുന്നത്. അത് കുറച്ചുകൂടി വ്യാപകമാക്കാനായിട്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : സർ, കോഴിക്കോട് യൂണിവേഴ്സിറ്റി ക്യാപസ്സിലുള്ള തരിശുഭൂമി കശുമാവ് കൃഷിക്ക് ഉപയോഗിക്കുവാൻവേണ്ടി തീരുമാനിച്ചിട്ടുണ്ടോ ; തീരുമാനിച്ചിട്ടുണ്ടെങ്കിൽ ഏത് വ്യവസ്ഥയിലാണ് കൃഷിഭൂമി കൃഷിയോഗ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതിന് എന്തുതുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എത്രരൂപയാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കൃഷിവകുപ്പ് അങ്ങനെയൊരു ശ്രമം നടത്തിയിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വ്യവസായവകുപ്പും കോഴിക്കോട് സർവ്വകലാശാലയും അതിനുവേണ്ടിയുള്ള ചില ചർച്ചകൾ നടത്തിയതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, അങ്ങയുടെ മറുപടിയിൽ 56,500 ടൺ കശുവണ്ടി ഉൽപ്പാദിപ്പിക്കാൻ സാധിച്ചുവെന്ന് പറഞ്ഞു. ഇവിടെ കശുമാവ് കൃഷിക്കുവേണ്ട വേസ്റ്റ് ലാന്റ് ഇല്ലെന്നുണ്ടെങ്കിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിലൂടെയോ മറ്റേതെങ്കിലും സംവിധാനത്തിലൂടെയോ, മറ്റേതെങ്കിലും സംസ്ഥാനത്ത് സ്ഥലമെടുത്ത് കശുമാവ് കൃഷി നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കി അതിലൂടെ കശുവണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കേരളത്തിലെ കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സൗകര്യമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇതൊരു പ്രധാനപ്പെട്ട ചോദ്യമാണ്. മറ്റു സംസ്ഥാനങ്ങളിൽ നമ്മൾ, കശുമാവ് കൃഷിക്കുവേണ്ടി തോട്ടങ്ങൾ എടുക്കുന്നതിന് അതിന്റെ നിയമപരമായിട്ടുള്ള പ്രശ്നങ്ങൾക്കൂടി പരിശോധിക്കേണ്ടതുണ്ട്. അത് പരിശോധിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, വടക്കൻമേഖലയിലാണ് പ്ലാൻറ്റേഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ധാരാളം കശുമാവ് തോട്ടങ്ങളുള്ളത്. 56,500 ടൺ കശുവണ്ടി ഉൽപ്പാദിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. കശുമാവ് കൃഷിയുടെ വികസനത്തോടൊപ്പം കാസർകോട് ഒരു കശുവണ്ടി ഫാക്ടറിക്കൂടി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കശുവണ്ടിയുടെ ആകെയുള്ള ലഭ്യതയുടെ കണക്കൊക്കെ നോക്കിയിട്ടുവേണം ഇതേക്കുറിച്ച് ചിന്തിക്കാൻ. ഇപ്പോൾ കൊല്ലത്തുള്ള കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുപോലും മുഴുവൻ ദിവസങ്ങളിലും ജോലി കൊടുക്കാൻ കഴിയുന്നില്ല. കശുവണ്ടിയുടെ ഇപ്പോഴത്തെ ലഭ്യത, തോട്ടണ്ടി പുറമേനിന്ന് വരാനുള്ള സാദ്ധ്യത ഇതെല്ലാം കൂടി കണക്കിലെടുത്തുകൊണ്ടുവേണം ഇനി ഈ രംഗത്ത് നമുക്ക് മുന്നോട്ടു പോകേണ്ടത്.

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : സർ, ജനിതക ഗവേഷണം ലോക വ്യാപകമായി വളർന്നുകൊണ്ടിരിക്കുന്ന ഈ പ്രത്യേക പശ്ചാത്തലത്തിൽ ഇന്നുള്ള കശുവണ്ടിയുടെതിനേക്കാൾ രൂപവലിപ്പുമുള്ളതും ഗുണമേന്മയുള്ളതുമായ കശുവണ്ടി കണ്ടെത്താനുള്ള ഗവേഷണങ്ങൾ ലോകത്തിന്റെ ചിലഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു എന്നുള്ള വിവരം പറഞ്ഞുകേൾക്കുന്നുണ്ട്. അതേക്കുറിച്ച് വാർത്തകളും പത്രങ്ങളിലൊക്കെ വന്നിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും കേരളത്തിന്റെ മാർക്കറ്റ്, കേരളത്തിലുള്ള കശുമാവ് കൃഷിക്ക് ഇന്നത്തെ പശ്ചാത്തലത്തിൽ തന്നെ ഉള്ള നിലിനിൽപ്പിനെത്തന്നെ അട്ടിമറിക്കാനുള്ള സാദ്ധ്യത ഉണ്ടാകുന്നതാണ്. അകൊണ്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ഈ രീതിയിലുള്ള ഗവേഷണപരമായിട്ടുള്ള നിലപാട് സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ജനിതക ഗവേഷണത്തിന്റെ കാര്യത്തിൽ കാർഷിക സർവ്വകലാശാലയാണ് മുൻകൈയെടുക്കേണ്ടത്. ഈ നിർദ്ദേശം കാർഷിക സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്താം. എന്നാൽ ഇപ്പോൾ തന്നെ അവർ കണ്ടെത്തിയിട്ടുള്ള രണ്ട് പുതിയയിനം കശുമാവ് തൈകൾ മൂന്നുവർഷംകൊണ്ട് കായ്ക്കുന്നവയാണ് . ഒരഞ്ചുവർഷം കൊണ്ട് ഒരു കശുമാവ് ചെടിയിൽനിന്നും ശരാശരി 15 കിലോഗ്രാം കശുവണ്ടി ലഭിക്കാനുള്ള സാദ്ധ്യതയുണ്ടെന്നാണ് അനുഭവങ്ങളിലൂടെ തെളിഞ്ഞിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ : സർ, കശുമാവ് കൃഷി വ്യാപകമാക്കാൻ ആവശ്യമായിട്ടുള്ള സ്ഥലം കണ്ടെത്താൻ കഴിയുന്നില്ലായെന്നാണ് മന്ത്രി ഇവിടെ വ്യക്തമാക്കിയത്. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ തരിശായി കിടക്കുന്ന നിരവധി സ്ഥലം കശുമാവ് കൃഷിക്കായി അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിനെ സമീപിച്ചിരുന്നു. എന്നാൽ അതൊന്നും കൊടുക്കാതെയാണ് യഥാർത്ഥത്തിൽ ഈ നിലപാട് പറയുന്നത്. തരിശുഭൂമി എന്നുപറഞ്ഞു കഴിഞ്ഞാൽ പഴശ്ശിപ്രോജക്ടിന്റെ കീഴിൽ റിസർവ് ചെയ്തുവച്ചിരിക്കുന്ന ലാന്റുണ്ട്. അതുപോലെയുള്ള ധാരാളം സ്ഥലങ്ങൾ കശുമാവ് കൃഷിക്കുവേണ്ടി കണ്ടെത്താൻ കഴിയും. അതുകൊണ്ട് നമുക്കിവിടെ ഉള്ള ഭൂമി വിട്ടുകൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; അങ്ങനെ വന്നാൽ കൂറേക്കൂടി സ്ഥലത്ത് കശുമാവ് കൃഷിചെയ്യാൻ കഴിയുമെന്ന കാര്യം അങ്ങ് ഗൗരവമായി പരിഗണിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇതിനുവേണ്ടി കൃഷിവകുപ്പിന്റെ കീഴിൽ വേസ്റ്റ് ലാന്റ് ഇല്ല. മറ്റുള്ള സ്ഥലങ്ങൾ, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഭൂമി വ്യവസായ വകുപ്പ് നേരിട്ട് അവരോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്.

മി. സ്പീക്കർ : ചോദ്യം 210

കെ. എഫ്. സി. യുടെ വായ്പാ വ്യവസ്ഥകൾ

4 (*210) ശ്രീ. എം. എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ദാസൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് കേരള ഫിനാഷ്യൽ കോർപ്പറേഷൻ ഏതെല്ലാം വ്യവസ്ഥകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ വ്യവസായ സംരംഭകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് കോർപ്പറേഷൻ നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly